# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം**
**നമ്പർ: 1469**

**15..06..2012-ൽ മറുപടിക്ക്**

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ഇ. കെ. വിജയൻ** | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| (എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ 2003 ന് ശേഷം സർവ്വീസിൽ വന്നവരിൽ എത്രപേർക്ക് ഗ്രേഡ് I ആയി റേഷ്യോ പ്രമോഷൻ നൽകിയിട്ടുണ്ട് ; | (എ) 322 പേർക്ക് റേഷ്യാ പ്രമോഷൻ നൽകിയിട്ടുണ്ട്. |
| (ബി) സമയാസമയങ്ങളിൽ സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം റേഷ്യാ പ്രമോഷൻ ഉള്ള ഇവർക്ക് പ്രമോഷൻ സാധ്യതയും വൻ സാമ്പത്തിക നഷ്ടവും ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ചില സീനിയോറിട്ടി തർക്കങ്ങൾ കാരണം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം നേരിട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ജീവനക്കാർക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് വീണ്ടും ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) 01.01.2006 എന്ന നിലയിൽ താല്കാലിക പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഡി) കോഴിക്കോട് ജില്ലയിൽ 2012 മാർച്ചിനുള്ളിൽ എത്ര പേർക്ക് കൂടി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി സ്ഥാനകയറ്റം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | (ഡി) സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നടത്തുന്നതിനാൽ ജില്ലാ തലത്തിൽ എത്രപേർക്ക് സ്ഥാനക്കയറ്റം നൽകാൻ കഴിയും എന്ന് മുൻകൂട്ടി അറിയിക്കുവാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ.**